പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2037

14.07.2011-ൽ മറുപടിയ്ക്ക്

## യുവജനങ്ങളുടെ കായികക്ഷമതാ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | കുമാരി പി കെ ജയലക്ഷ്മി<br>പട്ടികവർഗ്ഗവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ യുവാക്കളുടെ കായികക്ഷമതാ വികസനത്തിന് യുവജനക്ഷേമത്തിന്റെ പരിധിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) യുവജനങ്ങളുടെ കായിക ക്ഷമതാ വികസനത്തിന് ഊന്നൽ നലകി യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചു വരുന്ന 'കേരളോത്സവം' പദ്ധതിയിൽ യുവ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി കായിക മത്സരങ്ങൾ നടത്താറുണ്ട്. യുവശക്തി പദ്ധതിയിലും വോളിബോൾ, ചെസ്സ്, കാരംസ്, ഫുട്ബോൾ തുടങ്ങിയ കായിക ഇനങ്ങൾ ഉൾപ്പെടുത്തി വരുന്നു. |
| (ബി) ഗ്രാമീണക്ലബുകൾ പ്രാദേശികമായി സംരക്ഷിക്കുന്ന കളി സ്ഥലങ്ങൾ നവീകരിക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; | (ബി)& (സി) അടിസ്ഥാന കളിസ്ഥല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, കളിസ്ഥല വികസനത്തിനായി ഗ്രാമീണ ക്ലബുകൾ പ്രാദേശികമായി സംരക്ഷിക്കുന്ന കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്ന ഒരു പദ്ധതി നിലവിലുണ്ട്. 2000-ലെ കേരളാ സ്പോർട്സ് ആക്ട് പ്രകാരം ജില്ലാ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ എന്നിവ രൂപീകൃതമാകുന്ന മുറയ്ക്ക് അവരുടെ അധികാര പരിധിയിൽ വരുന്ന വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ കഴിയുന്നതാണ്. |
| (സി) ഇതിന്മേൽ ജില്ലാ, താലൂക്ക് അടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിലിന്റേയും ജനപ്രതിനിധികളുടേയും നേതൃത്വത്തിൽ സംവിധാനങ്ങൾ രൂപപ്പെടുത്താൻ സഹായകമായ പദ്ധതിയ്ക്ക് നിർദ്ദേശം നൽകാമോ ? | |

സെക്ഷൻ ഓഫീസർ.